## വിവാഹം, വിവാഹമോചനം, ബഹുഭാര്യത്വം:
## ഖുർആൻെറ കാഴ്ചപ്പാട്

*"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്നു തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തത് അവൻെറ (ദൈവത്തിൻെറ) ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്."* ഖുർആൻ, റൂം 21

*"ഓ മനുഷ്യരേ, ഒരു ആത്മാവിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതിൽനിന്നുതന്നെ അതിൻെറ ഇണയെയും സൃഷ്ടിക്കുകയും അവ രണ്ടിൽനിന്നുമായി ധാരാളം സ്ത്രീ-പുരുഷന്മാരെ (ഭൂമിയിൽ) പരത്തുകയും ചെയ്ത നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ."* ഖുർആൻ 4: 1

*"അല്ലാഹു നിങ്ങൾക്ക് നിങ്ങളിൽനിന്നുതന്നെ ഇണകളെ നിശ്ചയിച്ചുതരികയും നിങ്ങളുടെ ഇണകളിൽനിന്ന് പുത്രപൗത്രന്മാരെ പ്രദാനം ചെയ്യുകയും നല്ല വസ്തുക്കൾ ആഹാരമായി നല്കുകയും ചെയ്തിരിക്കുന്നു."*
ഖുർആൻ 16: 72

### വിവാഹം

മനുഷ്യവർഗത്തിൻെറ നിലനില്പിനും കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങൾക്കും അടിസ്ഥാനം വിവാഹമാകുന്നു. മനുഷ്യവർഗത്തിൻെറ നിലനില്പാണ് വിവാഹത്തിൻെറ അടിസ്ഥാനലക്ഷ്യം. ഭദ്രമായ കുടുംബത്തിനും അതുവഴി ആരോഗ്യകരമായ സമൂഹത്തിനുമൊക്കെ അടിത്തറ പാകുന്നതും വ്യക്തികൾ തമ്മിലുള്ള ഉടമ്പടിയിലൂടെ നിലവിൽ വരുന്ന വിവാഹബന്ധമാണ്.

ആരോഗ്യവും വിവേകവുമുള്ള ഏതൊരു ആണും പെണ്ണും കുടുംബജീവിതം നയിക്കാൻ ആഗ്രഹിക്കുകയെന്നത് പ്രകൃതിയുടെ ഭാഗമാണ്.

കുടുംബം എന്ന ഭദ്രമായ സാമൂഹികഘടന കെട്ടിപ്പടുക്കുന്നതിന് ആണും പെണ്ണും വിവാഹത്തിൽ ഏർപ്പെടുന്ന രീതിക്ക് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. ഏറെ വിശുദ്ധവുമാണത്.

വൈവാഹികജീവിതത്തെ അംഗീകരിക്കാത്ത സംസ്കാരങ്ങൾ മനുഷ്യന് അജ്ഞാതമാണ്. ലോകത്തെ എല്ലാ സംസ്കാരങ്ങളും അത് കുടുബഘടനക്കുള്ള ഉപാധിയായി നിശ്ചയിക്കുകയും വിവാഹം കഴിക്കാൻ യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

വിവാഹത്തിന് ചില ധാർമികചിട്ടകളുണ്ട്. കുടുംബജീവിതം പാവനമായിരിക്കണം. ഇണകൾ ധാർമികമുറകൾ മാനിച്ചുകൊണ്ട് അനുവദനീയരീതിയിൽ വിവാഹമെന്ന ഉടമ്പടിയിലൂടെ ഒരു കുടുബമായവരാകണം. അധാർമിക രീതിയും അവിഹിതവേഴ്ചയും അവിടെ പാടില്ല. ഇതാണ് എല്ലാ മതങ്ങളുടെയും കാഴ്ചപ്പാട്. ഈ രീതിയെ നിരാകരിച്ച രാജ്യങ്ങളിലൊക്കെ അവിഹിതമായി ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്യുന്ന ബാലികമാരുടെ എണ്ണം വർധിച്ചുവരികയും അവരുടെ സന്തതികൾ അതത് രാജ്യങ്ങളിൽ നിയമപ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

ആരോഗ്യമുള്ള ഏതൊരാളുടെയും പ്രകൃത്യായുള്ള വാസനയാണ് ഇണചേരൽ. ഈ ത്വരയെ അനിയന്ത്രിതമാകരുത്. അതിനെ സംസ്കരിക്കാൻ ശക്തമായ ധാർമികശിക്ഷണങ്ങൾ അനിവാര്യമാണ്. ഖുർആൻ ഈ രംഗത്ത് മറ്റു സംസ്കാരങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ധാർമികമുറകളാണ് ലോകത്തിനു മുമ്പിൽ വരച്ചു കാണിക്കുന്നത്. ലൈംഗികതക്ക് പ്രേരകമായുണ്ടാകുന്ന പ്രലോഭനങ്ങളെ നിയന്ത്രിക്കാനും അത്തരം സാഹചര്യങ്ങളെ സൂക്ഷിക്കുവാനും ഖുർആൻ ശക്തമായി ആവശ്യപ്പെടുന്നു. ഈ ധാർമിക ശാസനയുടെ ഭാഗമായി ഖുർആൻ പറഞ്ഞു:

*"വിശ്വാസികളോട് പറയുക: അവർ തങ്ങളുടെ ദൃഷ്ടികൾ താഴ്ത്തട്ടെ. ഗുഹ്യഭാഗങ്ങൾ സൂക്ഷിക്കുകയും ചെയ്യട്ടെ. ജീവിതവിശുദ്ധിക്ക് അതാണ് ഉത്തമം. അവർ പ്രവർത്തിക്കുന്നത് ദൈവം കണ്ടുകൊണ്ടിരിക്കും. വിശ്വാസിനികളോടും പറയുക: അവർ തങ്ങളുടെ ദൃഷ്ടികൾ താഴ്ത്തട്ടെ. പാതിവ്രത്യം കാത്തുകൊള്ളട്ടെ. തങ്ങളുടെ അലങ്കാരങ്ങൾ വെളിപ്പെടുത്താതിരിക്കട്ടെ-സ്വയം വെളിവായതൊഴിച്ച്. തങ്ങളുടെ മുഖപടം താഴ്ത്തിയിട്ട് മാറുകൾ മറക്കട്ടെ."* -ഖുർആൻ 24: 30-31

സന്ന്യാസം അനുഷ്ഠിക്കണമെന്ന് ഖുർആൻ ആവശ്യപ്പെടുന്നില്ല. അതിനാലാണ് കഴിവുള്ളവർ വൈവാഹികജീവിതത്തിൽ ഏർപ്പെടണമെന്നും അല്ലാത്തവർ ലൈംഗിക സദാചാരം കാത്തുസൂക്ഷിക്കുവാൻ വ്രതം അനുഷ്ഠിക്കണമെന്നും മുഹമ്മദ്നബി ആവശ്യപ്പെട്ടത്.

## *വിവാഹത്തിലെ യുക്തി*

കുടുംബജീവിതത്തിനും സമൂഹത്തിൻെറ നിലനില്പിനും ഖുർആൻ പ്രോത്സാഹിപ്പിച്ച സംവിധാനമാണ് വിവാഹം. വ്യക്തികളും സമൂഹവും ഒരുപോലെ വിവാഹത്തിൻെറ സദ്ഫലം അനുഭവിക്കും. അതോടൊപ്പം പ്രധാനപ്പെട്ട ചില യുക്തികളും അതിനുണ്ട്.

1. ലൈംഗികവികാരങ്ങളുടെ ശമനം.

ജീവികളിൽ ഏറെ ശക്തിയുള്ള വൈകാരികവശം ലൈംഗികമാണ്. അത് ശമിപ്പിക്കുന്നതിനുള്ള ഒരവസരത്തിനു വേണ്ടി മനസ്സ് മഥിച്ചുകൊണ്ടിരിക്കും. വിഹിതമായ രീതിയിൽ ശമിച്ചില്ലെങ്കിൽ അത് മനസ്സിനെ അസ്വസ്ഥമാക്കുകയും ചീത്തയായ രീതികളിലേക്ക് തിരിയാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്യും.

ലൈംഗികതൃഷ്ണ ശമിപ്പിക്കുന്നതിന് ജീവശാസ്ത്രപരവും പ്രകൃതിയുക്തവുമായ പ്രധാനപ്പെട്ട മാർഗമാണ് വിവാഹം. ലൈംഗികശമനത്തിനായി ചീത്ത മാർഗങ്ങളിലേക്ക് പ്രവേശിക്കുന്നതിൽനിന്ന് അത് മനുഷ്യനെ തടയുന്നു.

2. സന്താനലബ്ധി.

കുടുംബബന്ധത്തിൻെറ സംരക്ഷണം, സന്താനലബ്ധി എന്നിവക്ക് ഖുർആൻ നിശ്ചയിച്ച, തികച്ചും യുക്തമായ രീതിയാണ് വിവാഹം. പ്രവാചകൻ പഠിപ്പിച്ചു: "കൂടുതൽ സ്നേഹിക്കുകയും കൂടുതൽ പ്രസവിക്കുകയും ചെയ്യുന്ന സ്ത്രീകളെ വിവാഹം കഴിക്കുക."

3. മാതൃ-പിതൃവികാരങ്ങളുടെ സംരക്ഷണം.

മാതാപിതാക്കളെ ദൈവതുല്യരായി ഗണിക്കുന്ന സമൂഹങ്ങളും സംസ്കാരങ്ങളും ലോകത്തുണ്ട്. ഈ വികാരം ഏറെ ഉന്നതമാണ്. എന്നാൽ സന്താനങ്ങളുണ്ടെങ്കിൽ മാത്രമേ അത്തരം വികാരങ്ങൾക്ക് പ്രസക്തിയുള്ളൂ. സന്താനരാഹിത്യം ഈ വികാരത്തെ സാക്ഷാത്കരിക്കില്ല. മാതാവ്, പിതാവ് എന്നീ ബന്ധങ്ങളുടെ ഉന്നത വികാരമാണ് കുടുംബരംഗത്ത് സ്നേഹത്തിൻെറയും കാരുണ്യത്തിൻെറയും വാത്സല്യത്തിൻെറയും ഭാവങ്ങൾ ഉണ്ടാക്കുന്നത്.

4. കഴിവുകളുടെയും ഉത്തരവാദിത്തത്തിൻെറയും പോഷണം.

കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ അതിനാവശ്യമായ കഴിവുകൾ വിവാഹമെന്ന ചിന്ത ഉടലെടുക്കുന്നതോടെ തന്നെ വളർത്തിയെടുക്കുന്നു. സ്ത്രീ അവളുടെ ഉത്തരവാദിത്തപരിധിയിൽ വരുന്ന വീട്പരിപാലനം, സന്താനങ്ങളുടെ പരിചരണം തുടങ്ങിയ മേഖലകളിലും പുരുഷൻ കുടുംബപരിപാ

ലനത്തിനാവശ്യമായ മേഖലകളിലും ആവശ്യമായി വരുന്ന കഴിവുകൾ സ്വായത്തമാക്കാൻ കൂടുതൽ ശ്രദ്ധിക്കുന്നു. ഈ രീതി കുടുംബത്തിൻെറ ക്ഷേമത്തിനും പുരോഗതിക്കും വരെ കാരണമാകും. പിന്നീട് വരുന്ന ചെലവുകൾക്ക് കൂടുതൽ ഉല്പാദനത്തിൽ ഏർപ്പെടുവാനും സാമ്പത്തികരംഗം ഭദ്രമാക്കുന്നതിനുള്ള മേഖലയിൽ പ്രവേശിക്കുവാനും ഇത് വഴിവെക്കുന്നു. അത് വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും ഒരുപോലെ ഗുണം ചെയ്യുന്നു.

5. ആയുസ്സിൻെറ ദൈർഘ്യം.

അവിവാഹിതരും ബ്രഹ്മചാരികളും ആയ ആളുകൾ ജീവിക്കുന്നതിനെക്കാൾ കൂടുതൽ കാലം കുടുംബജീവിതം നയിക്കുന്നവർ ജീവിക്കും എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മാനസികവും ശാരീരികവുമായ ആരോഗ്യമാണ് ഇതിൻെറ പ്രധാനവശം.

## *ഇണകൾ: ദൈവികദൃഷ്ടാന്തം*

സ്ത്രീയും പുരുഷനുമാണല്ലോ വിവാഹത്തിൽ പരസ്പരം യോജിക്കുന്നത്. ഇത് പ്രകൃതിനിയമമാണ്. ഭൂമുഖത്തുള്ള എല്ലാ ജീവജാലങ്ങളും ഇണചേരൽ പ്രക്രിയയിലൂടെയാണ് സന്താനങ്ങളെ നിലനിർത്തുന്നത്. മനുഷ്യനും ഇതിന് അപവാദമല്ല. ഈ രീതി തികച്ചും ദൈവികമാണ്. ഖുർആൻ പറഞ്ഞു:

*"അവൻ നിങ്ങൾക്ക് സ്വജാതിയിൽനിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നതും- അവരുടെ സാന്നിധ്യത്തിൽ നിങ്ങൾ ശാന്തി നുകരാൻ- നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനത്തിന് ഇതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്."*

ഖുർആൻ 30: 21

ഈ വചനത്തിലെ സ്നേഹം, കാരുണ്യം എന്നിവ ദാമ്പത്യ-കുടുംബജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ ആത്മീയോപാധികളാകുന്നു. സന്താനങ്ങളുടെ ഉല്പാദനം, ഉപജീവനവിഭവങ്ങളുടെ ദാനം എന്നിവയുമായി ബന്ധപ്പെട്ട പ്രയോഗങ്ങളുമാകുന്നു അത്. സ്നേഹവും കാരുണ്യവും മനസ്സിൽനിന്ന് അറപത്യക്ഷമാകുന്നതോടെ സന്താനോല്പാദനം, കുടുംബപരിപാലനം എന്നീ അടിസ്ഥാന ഗുണങ്ങളിൽനിന്ന് മനുഷ്യർ അകന്നുമാറും. അവയുടെ അഭാവത്തിൽ കുടുംബരംഗം എപ്പോഴും കലുഷവും അസ്വസ്ഥത നിറഞ്ഞതുമായിരിക്കും.

സ്ത്രീയും പുരുഷനും കുടുബത്തിൻെറ വളർച്ചയിൽ പരസ്പരപൂരകങ്ങളാണ്. ഒന്നിനെ അവഗണിച്ചുകൊണ്ട് സ്ഥാനമില്ല. ഈ പാരസ്പര്യത്തിൽ സഹവർത്തിത്തവും സഹകരണവും വിട്ടുവീഴ്ചയുമാണ് പ്രധാനം. അതിനനുസരിച്ച പ്രയോഗവും കാഴ്ചപ്പാടുമാണ് ഖുർആനിനുള്ളത്. ഭാര്യാ-ഭർത്താക്കന്മാർ എന്ന അഭിസംബോധനയല്ല ഖുർആൻെറത്. ഇണകൾ എന്നത്രെ അത് ഉപയോഗിച്ച സാങ്കേതികപദം. അതിനാലാണ് സഹകരണവും വിട്ടുവീഴ്ചയും കുടുംബജീവിതത്തിൻെറ മുഖമുദ്രയായി അത് സമർപ്പിച്ചത്. "നിങ്ങൾ അവരോട് മാന്യമായി സഹവസിക്കുക"യെന്ന് ഖുർആൻ 4-ാം അധ്യായത്തിൽ 19-ാം വചനത്തിൽ സൂചിപ്പിച്ചതു കാണാം. "നിങ്ങളിൽ ഉത്തമൻ കുടുംബത്തോട് നല്ല നിലയിൽ വർത്തിക്കുന്നവനാണെന്ന് പ്രവാചകൻ തൻെറ അനുയായികളെ അഭ്യസിപ്പിച്ചതും ഇണകൾ പരസ്പരം പാലിക്കേണ്ട ഈ സംസ്കാരത്തെയാണ് വ്യക്തമാക്കുന്നത്.

## *ഖുർആനിൽ*

കുടുംബജീവിതത്തിൻെറ ഭദ്രതക്ക് ഖുർആൻ നിർദ്ദേശിച്ച ശക്തമായ ഉപാധിയാണ് വിവാഹം. അവിഹിതവേഴ്ചകൾക്കുള്ള എല്ലാ വാതിലുകളെയും അതിലൂടെ അടച്ചുകളയുകയാണ് ഖുർആൻ ചെയ്യുന്നത്.

ആദർശപൊരുത്തമാണ് വിവാഹബന്ധത്തിന് കണിശമായ ഉപാധി. മുഹമ്മദ് നബി പ്രസ്താവിച്ചു: സ്ത്രീ നാല് കാര്യങ്ങൾക്കായി വിവാഹം ചെയ്യപ്പെടാറുണ്ട്.

അവളുടെ സമ്പത്ത്, സൗന്ദര്യം, സ്വഭാവം, തറവാട്. എന്നാൽ നീ മതനിഷ്ഠയുള്ള വളെ തിരഞ്ഞെടുക്കുക. അങ്ങനെ നീ ചെയ്തില്ലെങ്കിൽ നീ നഷ്ടപ്പെട്ടതു തന്നെ."

എന്നാൽ മറ്റ് നാല് ഗുണങ്ങളും പരിഗണിക്കേണ്ടതില്ല എന്നല്ല. പ്രഥമ പരിഗണന ആദർശത്തിനാകണം എന്നതാണ് പ്രധാനം.

താൻ സ്നേഹിക്കുന്ന വ്യക്തിയുമായി വിവാഹബന്ധത്തിലേർപ്പെടാൻ ആഗ്രഹിക്കുക മനുഷ്യസഹജമാണ്. പല സംഗതികളും ഇതിന് പ്രേരകമായേക്കാം. നിറം, പുഞ്ചിരി, കടാക്ഷം, മുടിഅഴക്, നടത്തരീതി തുടങ്ങിയ പലതും സ്വാധീനിക്കപ്പെട്ടേക്കാം. എന്നാൽ ശരിയായ ദാമ്പത്യത്തിന് ഇതൊന്നും അടിസ്ഥാനമല്ല. ശാരീരികവും സാമ്പത്തികവുമായ കാര്യങ്ങൾ യഥാർഥ ആകർഷണങ്ങളല്ല, അവയൊക്കെ നശിക്കുന്നതാണ്.

"മതവും ഉത്തമസ്വഭാവവും തൃപ്തികരമായ യുവാക്കൾ വിവാഹബന്ധം അന്വേഷിച്ചാൽ നിങ്ങൾ അവർക്ക് വിവാഹം കഴിച്ചുകൊടുക്കുക. അല്ലാത്തപക്ഷം ഭൂമിയിൽ വലിയ നാശമുണ്ടാകും" എന്ന് പ്രവാചകൻ പഠിപ്പിക്കുകയുണ്ടായി. ഒരേ മതത്തിൻെറ അനുയായികളാണെങ്കിലും വരനോ വധുവോ ആരെങ്കിലും ഒരാൾ ആദർശനിഷ്ഠയും സ്വഭാവശുദ്ധിയുമില്ലാത്ത തനി ഭൗതികസാഹചര്യത്തിലുള്ള വരാണെങ്കിലും ആ വിവാഹബന്ധത്തെ നിരുത്സാഹപ്പെടുത്തുകയാണ് പ്രവാചകൻ ചെയ്തത്. അത്തരം വിവാഹത്തിലൂടെ ഉണ്ടാകുന്ന സന്താനങ്ങളും സംസ്കാരരഹിതരായി വളരും എന്ന ആശങ്കയാണ് പ്രസ്തുത സൂക്ഷ്മതക്ക് നിദാനം.

വിവാഹത്തിന് ഖുർആൻ വെച്ച ആകർഷണം ആദർശമാണെന്ന് ചുരുക്കം. ആദർശപൊരുത്തമില്ലാത്ത ബഹുദൈവവിശ്വാസിനികളെ വിവാഹം കഴിക്കാൻ ഒരിക്കലും ഖുർആൻ ഏകദൈവവിശ്വാസികളെ അനുവദിക്കുന്നില്ല. ഖുർആൻ പറഞ്ഞു:

*"ബഹുദൈവവിശ്വാസിനികളെ നിങ്ങൾ വിവാഹം കഴിക്കരുത്, അവർ വിശ്വാസിനികളാകുന്നതുവരെ."*

അതേയവസരം ദൈവികഗ്രന്ഥങ്ങളുടെ അവകാശികളായ ജൂത-ക്രൈസ്തവ സ്ത്രീകളെ വിവാഹം കഴിക്കാൻ അനുവദിച്ചിട്ടുണ്ട്. ഈ അനുവാദത്തിനും മറുവശമുണ്ട്. ഏകദൈവവിശ്വാസിയായ യുവതികളെ ജൂത-ക്രൈസ്തവ യുവാക്കൾക്ക് വിവാഹം ചെയ്തുകൊടുക്കുന്നത് ഖുർആൻ വിലക്കുകയാണ് ചെയ്തത്. ഇതിൽ അടങ്ങിയിരിക്കുന്ന യുക്തി ഇതത്രെ: സന്താനങ്ങൾ എപ്പോഴും പിതാവിലേക്കാണ് ചേർക്കപ്പെടുക. അതിനാൽ തന്നെ മുസ്‌ലിംയുവാവിന് അമുസ്‌ലിം സ്ത്രീയിൽ ഉണ്ടാകുന്ന മക്കൾ മുസ്‌ലിംകളായിരിക്കും. അതേയവസരം അമുസ്‌ലിം പുരുഷന് മുസ്‌ലിംസ്ത്രീകളിൽ ഉണ്ടാകുന്ന മക്കൾ അമുസ്‌ലിംകളാവുക സ്വാഭാവികമാണ്. ഏകദൈവത്തിങ്കൽ ഇത് ഒരിക്കലും സ്വീകാര്യമല്ല.

മൂസാ, ഈസാ തുടങ്ങിയ ലോകത്ത് ആഗതരായ എല്ലാ പ്രവാചകരിലും വിശ്വസിക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്യുന്നവരാണ് ലോകത്തെ എല്ലാ മുസ്‌ലിംകളും. അതിനാൽ അവരെ പിൻപറ്റി ജീവിക്കുന്ന ഭാര്യമാരുടെ മതവികാരങ്ങൾ ഒരു കാരണവശാലും മുസ്‌ലിം ഭർത്താവിനാൽ വ്രണപ്പെടുകയില്ല. അതേയവസരം മുഹമ്മദ്നബിയെ പ്രവാചകനായി അംഗീകരിക്കാത്ത ജൂതനോ ക്രിസ്ത്യനോ ആയ ഭർത്താവിൻെറ കീഴിൽ ജീവിക്കുന്ന മുസ്‌ലിംഭാര്യയുടെ മതവികാരം വ്രണപ്പെടുകയും അവൾ ഭർത്താവിനാൽ കൂടുതൽ പരീക്ഷിക്കപ്പെടുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. അവിടെ അവൾ തൻെറ മതത്തെ പരിത്യജിക്കുകയോ അവൾക്ക് അനുവദനീയമല്ലാത്ത പന്നിമാംസം പോലുള്ള പദാർഥങ്ങൾ ഉപയോഗിക്കാൻ നിർബന്ധിക്കപ്പെടുകയോ ചെയ്തേക്കാം. അതിനാൽ തന്നെ മുസ്‌ലിം സ്ത്രീകളെ ബഹുദൈവാരാധകർക്ക് വിവാഹം കഴിച്ചുകൊടുക്കുന്നത് ഖുർആൻ വിലക്കുകയുണ്ടായി.

## *തിരഞ്ഞെടുപ്പ്*

സ്ത്രീ പുരുഷൻെറ സർവസ്വമാണ്. അവൾ അയാളുടെ കൃഷിയിടവും പാർപ്പിടവും ജീവിതപങ്കാളിയും ഗൃഹനാഥയും സന്താനങ്ങളുടെ മാതാവും ആശാകേന്ദ്രവും രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരിയുമാണ്.

കുട്ടികൾ പിന്നീട് സ്വായത്തമാക്കുന്ന പല സ്വഭാവങ്ങളും അവളിൽനിന്നുള്ളതാ യിരിക്കും. അതിനാൽതന്നെ അവൾക്ക് അനല്പമല്ലാത്ത സ്ഥാനം കുടുംബരംഗ ത്തുണ്ട്. അക്കാരണത്താൽ തന്നെ സദ്‌വൃത്തയായ സ്ത്രീയെ വേണം ഇണയായി തിരഞ്ഞെടുക്കാൻ. ആദർശനിഷ്ഠ, ഉത്തമഗുണവും സ്വഭാവവും പാലിക്കുക, സന്താന ങ്ങളെ യഥാവിധം പരിപാലിക്കുക, ഭർതൃബാധ്യതകൾ പാലിക്കുക, കുടുംബ സംവി ധാനത്തിൽ ശ്രദ്ധിക്കുക തുടങ്ങിയ കാര്യങ്ങളാണ് അവളുടെ ഉത്തരവാദിത്തങ്ങളിൽ പ്രധാനം. അത്തരം കാര്യങ്ങളിൽ കൂടുതൽ വിശ്വസ്ഥയായ ഒരുത്തിയെയാണ് തിര ഞ്ഞെടുക്കേണ്ടത്. പണത്തിനും സൗന്ദര്യത്തിനും അതുകഴിഞ്ഞു മാത്രമേ പ്രസക്തി യുള്ളൂ.

ഉത്തമയായ സ്ത്രീ ആരാണെന്ന് പ്രവാചകൻ പഠിപ്പിച്ചത് ഇങ്ങനെ: “നീ അവളെ നോക്കിയാൽ നിന്നെ അവൾ സന്തോഷിപ്പിക്കും. അവളുടെ കാര്യത്തിൽ നീ സത്യം ചെയ്താൽ അതവൾ പൂർത്തിയാക്കും. അവളിൽനിന്ന് നീ അകന്നാൽ നിനക്കു വേണ്ടി അവൾ തൻെറ ശരീരവും നിൻെറ ധനവും കാത്തുസൂക്ഷിക്കും.”

മാന്യമായ ചുറ്റുപാടിൽ വളർന്നവളാകുക, ശാന്തപ്രകൃതക്കാരിയാവുക, മാനസിക വൈകൃതങ്ങൾ ഇല്ലാതിരിക്കുക, വിദ്യാഭ്യാസമുള്ളവളാകുക, കന്യകയായിരിക്കുക, മാറാവ്യാധി ഇല്ലാത്തവളാകുക, നല്ല സംസ്കാരമുള്ളവളാകുക, സാമ്പത്തികമായും പ്രായത്തിലും തന്നെക്കാൾ താഴെയുള്ളവളാകുക തുടങ്ങിയവ തിരഞ്ഞെടുപ്പിൽ പരിഗണിക്കപ്പെടേണ്ട ഗുണങ്ങളാകുന്നു.

### *സമ്മതം അനിവാര്യം*

മേൽസൂചിപ്പിച്ചതുപോലെ ഒരു ഉഭയകക്ഷികരാറാണ് ഖുർആൻെറ വീക്ഷണത്തിൽ വിവാഹം. ഇതിന് സ്ത്രീയുടെയും പുരുഷൻെറയും സമ്മതം ആവശ്യമാണ്. തങ്ങ ളുടെ താല്പര്യങ്ങൾക്ക് മുൻഗണന നല്കി മക്കളെ അവർക്ക് ഇഷ്ടമില്ലാത്ത വരുമായുള്ള ദാമ്പത്യത്തിൽ ഏർപ്പെടാൻ രക്ഷിതാക്കൾ നിർബന്ധിക്കരുത്. അതെയ വസരം മക്കളുടെ അഭിരുചിയും തങ്ങളുടെ അനുഭവങ്ങളും മുൻപിൽ വെച്ച് അവർ ക്ക് യോജിച്ച ഇണകളെ കണ്ടെത്തുവാൻ മാതാപിതാക്കൾ അവരെ സഹായിക്കുക യാണ് ചെയ്യേണ്ടത്.

ഈ രംഗത്ത് തെറ്റായ നിലപാടുകൾ സ്വീകരിക്കുന്ന രക്ഷിതാക്കളുണ്ട്. തങ്ങൾ തെരഞ്ഞെടുത്തവരുമായി തങ്ങളുടെ പെൺകുട്ടികൾ ദാമ്പത്യത്തിൽ ഏർപ്പെടണമെന്ന് നിർബന്ധം പിടിക്കുന്ന ചില രക്ഷിതാക്കളുണ്ട്. തട്ടിയും മുട്ടിയും പെൺകുട്ടിയുടെ കണ്ണീരിൽ ഇഴഞ്ഞുനീങ്ങുന്ന പ്രസ്തുത ദാമ്പത്യം പൊട്ടിത്തകരാൻ ഏറെ സമയ മൊന്നും വേണ്ടിവരില്ല.

സമ്മതം വാങ്ങുന്ന കാര്യത്തിൽ സ്ത്രീയെന്നോ പുരുഷനെന്നോ ഉള്ള വകതിരിവ് ഉണ്ടാകരുതെന്ന് നിയമം അനുശാസിക്കുന്നു. ചരിത്രത്തിൽ ഇതിന് അനുഭവസാക്ഷ്യ ങ്ങൾ ധാരാളം കാണാം. പുരുഷൻെറ അനുവാദം പോലെ സ്ത്രീയുടെ അനുവാദ വും ഏറെ പ്രാധാന്യമുള്ളതാണെന്നു ചുരുക്കം.

### *മഹ്ർ അഥവാ വിവാഹമൂല്യം*

നിശ്ചിത അളവ് വിവാഹമൂല്യം (മഹ്ർ) നല്കുന്നതിലൂടെയാണ് വിവാഹം എന്ന ഉടമ്പടി നിലവിൽ വരുന്നത്. ആദർശപൊരുത്തമുള്ള ആർക്കും ഇത്തരത്തിൽ വൈവാഹികജീവിതത്തിൽ ഏർപ്പെടാവുന്നതാണ്.

വിവാഹമൂല്യം സ്ത്രീയുടെ അവകാശമാണ്. അതിൽ പുരുഷന് അവകാശമില്ല. ഖുർആൻ പറഞ്ഞു:

*“സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യം മനഃസംതൃപ്തിയോടെ നല്കുക. എന്നാൽ അതിൽ വല്ലതും അവർ മനസ്സാ നിങ്ങൾക്ക് വിട്ടുതരുന്നപക്ഷം നിങ്ങൾ അത് സന്തോഷപൂർവം സുഖമായി ഭക്ഷിക്കുക.”* -ഖുർആൻ 4: 4

വിവാഹമൂല്യമാണ് വിവാഹം നിലവിൽ വരുന്നതിനുള്ള ഉപാധി. അതെത്രയാ കണമെന്ന് കണിശതയില്ല. ഓരോ രാജ്യത്തെയും നടപ്പുകളാണ് അതിന് മാന ദണ്ഡം. സ്വർണമായോ പണമായോ സ്ത്രീക്ക് ഉപകരിക്കുന്ന മറ്റെന്തെങ്കിലുമോ

ആയി അത് നിശ്ചയിക്കാവുന്നതാണ്. ഓരോരുത്തരുടെ കഴിവും സൗകര്യവും യോഗ്യതയും പരിഗണിച്ചുവേണം അത് നല്കുവാൻ. അതേയവസരം വിവാഹമൂല്യം ഇത്രയാകണമെന്ന് ഒരിക്കലും കണിശത വെക്കാനും പടില്ല. എന്നാൽ സ്ത്രീയുടെ സൗന്ദര്യം, കുലീനത, വിദ്യാഭ്യാസം, ബുദ്ധി, കന്യകാത്വം, തറവാട്, വൈദഗ്ദ്യം എന്നിവ മുമ്പിൽവെച്ച് അവയ്ക്ക് മതിയായ അളവിൽ കൊടുക്കുകതന്നെ വേണം. ഇക്കാര്യത്തിൽ സ്ത്രീയുടെ പൊരുത്തമാണ് പരിഗണിക്കേണ്ടത്. അതാകട്ടെ, ആരും പരിഗണിക്കാത്തതുമാണ്. ഇത് സ്ത്രീയുടെ അവകാശമാണെങ്കിലും അത് പുരുഷ നിൽനിന്ന് കൈപറ്റേണ്ടത് അവളുടെ പിതാവാണ്.

### *ഭാര്യയുടെ ഉത്തരവാദിത്തങ്ങൾ*

ഹിതകരമായതും കുറ്റകരമല്ലാത്തതുമായ എല്ലാ കാര്യത്തിലും ഭർത്താവിനെ അനുസരിക്കൽ ഭാര്യയുടെ ഉത്തരവാദിത്തമാണ്. ഭാര്യയുടെ അനുസരണം ഭർത്താവിന്റെ അവകാശവുമാകുന്നു. മുഹമ്മദ്നബിയോട് അവിടത്തെ പത്നി ആഇശ (അല്ലാഹു അവരെ തൃപ്തിപ്പെടട്ടെ) ഒരിക്കൽ ചോദിച്ചു: "ഒരു സ്ത്രീക്ക് ഏറ്റവും കൂടുതൽ കടപ്പാടുകളുള്ളത് ആരോടാണ്? അവിടന്ന് മറുപടി നല്കി: തന്റെ ഭർത്താവിനോട്. അവർ തുടർന്നു ചോദിച്ചു: ഒരു പുരുഷന് കൂടുതൽ ബാധ്യതയുള്ളത് ആരോടാണ്? അവിടന്ന് പറഞ്ഞു: തന്റെ മാതാവിനോട്."

ഭർത്താവിന്റെ ധനവും ശരീരവും കാത്തുസൂക്ഷിക്കുക, അദ്ദേഹത്തിന്റെ സന്താനങ്ങളെ യഥാവിധം പരിചരിക്കുക, അദ്ദേഹത്തിന് വെറുപ്പുണ്ടാക്കുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുക തുടങ്ങി പല കാര്യങ്ങളും ഭാര്യയുടെ ബാധ്യതയായി വരുന്നുണ്ട്.

ഭർത്താവിന് സന്തോഷവും കുളിർമയും നല്കുകയെന്നതാണ് ഉത്തമയായ ഭാര്യയുടെ നിലപാട്. ഭാര്യ ഭർത്താവിന്റെ രഹസ്യസൂക്ഷിപ്പുകാരിയാണ്. അതായത്, തന്റെ ശരീരത്തിലും ഭർത്താവിന്റെ ധനത്തിലും വഞ്ചന കാണിക്കാത്തവളാണവൾ.

സ്ത്രീകളുടെ ഈ ഉത്തരവാദിത്തനിർവഹണത്തെ വിശുദ്ധയുദ്ധത്തോടാണ് പ്രവാചകൻ ഉപമിച്ചത്.

ഒരു സ്ത്രീയെ സംബന്ധിച്ച് ദൈവം തൃപ്തനാകുന്നത് അവളെ സംബന്ധിച്ച് അവളുടെ ഭർത്താവ് തൃപ്തനാകുമ്പോഴാണ്. ഭർത്താവ് കോപിക്കുന്ന ജീവിതരീതികളുമായാണ് ഒരു സ്ത്രീ മരിക്കുന്നതെങ്കിൽ അവളിൽ ദൈവകോപം ഭവിക്കുന്നതാണ്.

ഭർത്താവിന് ഇഷ്ടമില്ലാത്തവരെ വീട്ടിൽ കയറ്റാതിരിക്കുക, അദ്ദേഹത്തെ പരിചരിക്കുക, അദ്ദേഹത്തിന്റെ കൂടെ താമസിക്കുക, അദ്ദേഹം നല്കിയതുകൊണ്ട് തൃപ്തിപ്പെടുക തുടങ്ങിയ കാര്യങ്ങൾ ഭാര്യയുടെ നിർബന്ധ ബാധ്യതകളാകുന്നു.

### *ഭർത്താവിന്റെ ഉത്തരവാദിത്തങ്ങൾ*

ഭാര്യയും ഭർത്താവും ചേർന്ന കുടുംബജീവിതം പാരസ്പര്യത്തിന്റെ മേഖലയാകുന്നു. ദാമ്പത്യബന്ധത്തിൽ ഏർപ്പെട്ടവരെ ഖുർആൻ ഇണകൾ എന്നാണ് വിശേഷിപ്പിച്ചത്. ആ ബന്ധത്തിൽ ഇഴ ചേർന്നിരിക്കുന്നത് സ്നേഹവും കാരുണ്യവുമാകുന്നു. അവിടെ ഭാര്യ പരിചാരകയും ഭർത്താവ് അവളുടെ സേവനത്തിന് അധികാരിയുമായല്ല കഴിയേണ്ടത്. ഭാര്യക്കുള്ളതുപോലെ ബാധ്യതകൾ ഭർത്താവിനുമുണ്ട്. രണ്ട് വിഭാഗത്തിന്റെയും ബാധ്യതകൾ നിർവഹിക്കപ്പെടുമ്പോഴാണ് ദാമ്പത്യജീവിതം സുഖകരമായി മുന്നോട്ട് പോവുക.

സ്ത്രീ പ്രകൃത്യാ തന്നെ ദൗർബല്യമുള്ളവളാണ്. ശാരീരികമായും മാനസികമായും പുരുഷന്റെ കരുത്ത് അവൾക്കില്ല. അവളുടെ ശാരീരികവും മാനസികവുമായ പ്രകൃതിയും വ്യത്യസ്തമാണ്. അല്പം മതി അവളുടെ മനസ്സ് തകരുവാൻ. അതാകട്ടെ കുടുംബരംഗത്ത് ഏറെ അസ്വസ്ഥകൾ ഉണ്ടാക്കുകയും ചെയ്യും. അതിനാൽ സ്ത്രീയുടെ പ്രകൃതം മനസ്സിലാക്കി പെരുമാറുകയെന്നതാണ് ഭർത്താവിന്റെ വലിയ ബാധ്യത. അതിനാലാണ് മുഹമ്മദ്നബി, "തന്റെ വീട്ടുകാരിയോട് നന്നായി പെരുമാറുന്നവനാണ് നിങ്ങളിൽ ഉത്തമൻ എന്ന് പഠിപ്പിച്ചത്.

ആവശ്യത്തിനും അനാവശ്യത്തിനും കോപിക്കാതിരിക്കണം. അവൾക്ക് മാന്യമായ രീതിയിൽ, തന്റെ കഴിവിനൊത്ത രീതിയിൽ ചെലവിന് കൊടുക്കണം. അവളുടെ കൂടെ യാത്ര ചെയ്യണം. അവളുടെ വിദ്യാഭ്യാസത്തിനുള്ള ഏർപ്പാടുകൾ ചെയ്യണം.

തൻെറ വീട്ടിൽനിന്ന് പുറത്തുകടക്കുവാൻ പറ്റാത്ത രീതിയിൽ അവിടെ തന്നെ പിടിച്ചു നിർത്തരുത്. ഏതൊക്കെ രംഗങ്ങളിൽ അവളുടെ അവകാശങ്ങളുണ്ടോ അത് വക വെച്ചു കൊടുക്കണം. തൻെറ സ്വത്വവും വ്യക്തിത്വവും പരിഗണിക്കപ്പെടുന്നുവെന്ന് അവൾക്ക് തോന്നുമാറ് അവളെ ആദരിക്കുകയും തൻെറ തന്നെ ഭാഗമായി കാണു കയും വേണം. ഇടയ്ക്കിടെ തൻെറ മാതാപിതാക്കളെ കാണാനുള്ള അവളുടെ ആഗ്രഹത്തെ ഒരിക്കലും നിരാകരിക്കരുത്. അതിന് അവളെ അനുവദിക്കുക മാത്ര മല്ല, ഭർത്താവ് അവളെ അനുഗമിക്കുകയും വേണം.

## വിവാഹമോചനം

ഏറെ തെറ്റിധരിക്കപ്പെട്ട വിഷയമാണ് ത്വലാഖ് അഥവാ വിവാഹമോചനം.

ദാമ്പത്യജീവിതം ശാശ്വതമായിരിക്കാനാണ് ഖുർആൻ നിർദ്ദേശം നല്കുന്നതും ആഗ്രഹിക്കുന്നതും. ജീവിതാവസാനം വരെ നിലനില്ക്കുകയെന്ന ലക്ഷ്യത്തോടെ ഉഭയകക്ഷി കരാറിലൂടെയാണ് വിവാഹബന്ധം നിലവിൽ വരുന്നത്.

ദാമ്പത്യബന്ധങ്ങളെ ഹനിക്കുന്ന ഏത് കാര്യത്തെയും ഖുർആൻ വെറുക്കുന്നു. അതിനാലാണ് വിവാഹമോചനം ഏകദൈവത്തിന് ഏറെ കോപമുള്ള കാര്യമാണെ ന്ന് മുഹമ്മദ് നബി പഠിപ്പിക്കാൻ കാരണം. അദ്ദേഹം പറഞ്ഞു: "അല്ലാഹുവിങ്കൽ ഏറ്റവും വെറുക്കപ്പെട്ട അനുവദനീയ കാര്യം വിവാഹമോചനമാകുന്നു."

നിസ്സാരമായ ഏതെങ്കിലും കാരണത്താൽ തൻെറ ദാമ്പത്യജീവിതം മുറിച്ചവൻ ഖുർആൻെറ ദൃഷ്ടിയിൽ വിശ്വാസവുമായി ഒരുതരത്തിലും ബന്ധമില്ലാത്തവനാണ്. ഒരു സ്ത്രീ തൻെറ സ്വാർഥലാഭത്തിനു വേണ്ടി ഭർത്താവിൽനിന്ന് വിവാഹമോചനം തേടിയാൽ അവൾ സ്വർഗത്തിന് അവകാശിയല്ലാതായിത്തീരും എന്ന് പ്രവാചകൻ അരുളുകയുണ്ടായി.

### *അനുവദനീയ കാരണങ്ങൾ*

അനിവാര്യമായ ഘട്ടങ്ങളിൽ മാത്രം ഉപയോഗിക്കാവുന്ന ഉപാധിയായി ഖുർആൻ വിവാഹമോചനത്തെ വകയിരുത്തുകയുണ്ടായി. അതിനാൽ തന്നെ വിവാഹമോചന ത്തിന് ഉചിതമായ നിമിത്തങ്ങളായി ചില കാര്യങ്ങൾ അത് നിശ്ചയിക്കുകയുണ്ടായി.

ഒരുനിലക്കും ഒത്തുപോകാൻ സാധിക്കാത്തതും ഒരു ബോധവത്ക്കരണത്തിനും വിധേയമാകാത്തതുമായ സ്വഭാവദൂഷ്യവും പെരുമാറ്റവും ഭാര്യയിൽനിന്നുണ്ടായാൽ അവിടെ വിവാഹമോചനമാണ് പരിഹാരം. തകർന്നുലഞ്ഞ ദാമ്പത്യബന്ധം പുനഃ സ്ഥാപിക്കാൻ ഒരു പോംവഴിയുമില്ലെങ്കിൽ ഭർത്താവിന് ഖുർആൻ നല്കിയ അഹിത കരമായ പോംവഴിയാണത്. ആടിയുലഞ്ഞും അസ്വസ്ഥമായും ആ ബന്ധം മുമ്പോട്ട് കൊണ്ടുപോകണമെന്ന് ഖുർആൻ ആവശ്യപ്പെടുന്നില്ല.

ലൈംഗികസദാചാരം ഇല്ലാത്തവളാകുക, പതിവ്രതയല്ലാതിരിക്കുക, വ്യക്തമായും ദുർവൃത്തി ചെയ്യുന്നവളാകുക തുടങ്ങിയ കാരണങ്ങൾ വിവാഹമോചനത്തിന് അവ ലംബിക്കപ്പെടാവുന്നതാണ്. ഇത്തരം കാരണങ്ങൾ പിന്നീട് വഷളാംവിധം വളരു വാനും കുടുംബം നശിക്കുവാനും കാരണമാകും. ഭാര്യയിൽനിന്നുണ്ടാകുന്ന ഇത്തരം അസ്വസ്ഥതകളെ സഹിച്ചും ക്ഷമിച്ചും ജീവിക്കാൻ ഖുർആൻ പുരുഷനെ നിർബ ന്ധിക്കുന്നില്ല.

### *പുരുഷൻെറ അവകാശം*

വിവാഹമോചനം പുരുഷൻെറ അവകാശമാണ്. ദാമ്പത്യത്തിലൂടെ രൂപപ്പെട്ട ഒരു കുടുംബത്തിൻെറ സാമ്പത്തികസ്രോതസ്സും കുടുംബത്തിൻെറ മേൽനോട്ടക്കാരനും പുരുഷൻ ആയതിനാലാണിത്.

പ്രകൃതിയുക്തമായ നിശ്ചയം കൂടിയാണിത്. പെട്ടെന്ന് വികാരത്തിനടിപ്പെടുന്ന പ്രകൃതിയാകുന്നു സ്ത്രീയുടെത്. ഈ സാഹചര്യം നിലനില്ക്കെ വിവാഹമോചന ത്തിൻെറ അവകാശം അവളെ ഏല്പിച്ചിരുന്നെങ്കിൽ അവളത് പെട്ടെന്ന് ഉപയോഗ പ്പെടുത്തുമായിരുന്നു. എന്നാൽ അവളെ അപേക്ഷിച്ച് പുരുഷൻ ഏറെ ശാന്തനാണ്.

പെട്ടെന്ന് വികാരത്തിനടിപ്പെട്ട് മോശപ്പെട്ട രീതിയിൽ പ്രതികരിക്കുന്നവനല്ല. കാര്യങ്ങളെ ബുദ്ധിപരമായി കൈകാര്യം ചെയ്യാൻ സ്ത്രീയെക്കാൾ പക്വതയും വിവേകവും അവനാണുള്ളത്. അതിനാലാണ് വിവാഹമോചനത്തിൻെറ അവകാശം അവനെ ഏല്പിച്ചത്.

അതെയവസരം ഭ്രാന്തന്മാരുടെയും ലഹരിബാധിതരുടെയും വികാരങ്ങൾക്കടിപ്പെട്ടവരുടെയും കോപാന്ധൻെറയും വിവാഹമോചനം സാധുവാകുകയില്ല. താഴെ പറയുന്ന ഘട്ടങ്ങളിലുള്ള വിവാഹമോചനങ്ങൾക്ക് നിയമസാധുതയില്ല.

1. ബാഹ്യസമ്മർദ്ദങ്ങൾക്ക് വിധേയമായുള്ള വിവാഹമോചനം
2. ലഹരിബാധിൻെറ വിവാഹമോചനം
3. കോപാന്ധൻെറ വിവാഹമോചനം
4. തമാശയായുള്ള വിവാഹമോചനം
5. അശ്രദ്ധമായും വിസ്മൃതിയാലുമുള്ള വിവാഹമോചനം
6. അന്ധാളിച്ചവൻെറ വിവാഹമോചനം

ദാമ്പത്യജീവിതത്തിന് വിരാമം നല്കുന്നുവെന്ന് സൂചിപ്പിക്കുന്ന ഏത് പ്രവൃത്തി മുഖേനയും വിവാഹമോചനം സംഭവിക്കും. അത് വാചികമാകട്ടെ, വരമൊഴിയാകട്ടെ ത്വലാഖ് സാധുവാകുന്നതാണ്. എന്നാൽ വിവാഹമോചനമായി ഗണിക്കപ്പെടാവുന്ന വിധത്തിൽ ദമ്പതികൾ തമ്മിൽ വേർപിരിഞ്ഞിരിക്കുന്ന സമയത്ത് അഥവാ ഇദ്ദയിൽ ആയിരിക്കണം അത്. ഭാര്യയുടെയോ ഭർത്താവിൻെറയോ ആരെങ്കിലും ഒരാളുടെ മതംമാറ്റം പോലുള്ള സംഭവങ്ങൾ ഉണ്ടായാലും വിവാഹമോചനം സംഭവിക്കും.

### *ഒരുമിച്ചുള്ള മൂന്ന് വിവാഹമോചനം*

രണ്ട് തവണയാണ് വിവാഹമോചനം. ഒറ്റത്തവണയായി മൊഴിചൊല്ലിയാൽ തന്നെ വിവാഹമോചനം സാധുവാകും. എന്നാൽ ഇദ്ദാകാലത്ത് ഭാര്യയെ തിരിച്ചെടുക്കാനും അതിന് സാധ്യമായില്ലെങ്കിൽ അതിന് ശേഷം പുനർവിവാഹം ചെയ്യാനും ഖുർആൻ പുരുഷന് അനുവാദം നല്കുന്നു. അതായത്, രണ്ട് തവണയാണ് വിവാഹമോചനം. മൂന്നാം തവണ വിവാഹമോചനം അന്തിമമാണ്. പിന്നെ അവർ തമ്മിൽ വേർപിരിയുക തന്നെ വേണം. ഖുർആൻ പറഞ്ഞു:

*"വിവാഹമോചനം രണ്ട് പ്രാവശ്യമാകുന്നു. അനന്തരം മാന്യമായ രീതിയിൽ കൂടെ നിറുത്തുകയോ നല്ല നിലയിൽ പിരിച്ചയക്കുകയോ ചെയ്യണം."*

മൂന്ന് വിവാഹമോചനവും ഒറ്റയടിക്ക് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കണമെന്ന് തോന്നുകയും ചെയ്താൽ സാധ്യമല്ലാത്തതിനാലാണ് ഇങ്ങനെ മൂന്ന് ത്വലാഖുകൾ (വിവാഹമോചനം) നിശ്ചയിച്ചത്. അതായത്, ഖുർആൻ നിയമമായി നിശ്ചയിച്ച വിവാഹമോചനരീതി ഒന്നിന് ശേഷം ഒന്ന് എന്ന നിലക്കാണ്. ഒന്നാമത്തെയും രണ്ടാമത്തെയും വിവാഹമോചനത്തിനു ശേഷം തിരിച്ചെടുക്കാവുന്നതാണ്. മൂന്നാമത്തേത് ചൊല്ലിക്കഴിഞ്ഞാൽ വിവാഹമോചനം പൂർണമായും നിലവിൽ വരും. പിന്നീട് അവർക്ക് ദാമ്പത്യത്തിൽ തുടരാൻ സാധ്യമല്ല. ആ സ്ത്രീയെ മറ്റൊരാൾ വിവാഹം കഴിക്കുകയും സ്വാഭാവികമായ രീതിയിൽ അവർ തമ്മിൽ വിവാഹമോചനം ചെയ്തു വേർപിരിയുകയും ചെയ്താൽ മാത്രമേ അവർക്ക് വീണ്ടും ഒരുമിക്കാൻ സാധിക്കുകയുള്ളൂ. ഖുർആൻ പറഞ്ഞു:

*"അയാൾ അവളെ വിവാഹമോചനം ചെയ്താൽ അനന്തരം അവൾ മറ്റൊരു ഭർത്താവിനെ വിവാഹം കഴിക്കുന്നതുവരെ അയാൾക്ക് അവൾ നിഷിദ്ധയാണ്."*

### *ഖുർആൻെറ നിർദ്ദേശം*

വിവാഹം ഒരു കരാറാണെന്ന് സൂചിപ്പിക്കുകയുണ്ടായി. സ്നേഹവും കാരുണ്യവും ക്ഷമയും വിട്ടുവീഴ്ചയുമാണ് ഈ കരാറിൻെറ അഥവാ ദാമ്പത്യജീവിതത്തിൻെറ കാതൽ. ചില സന്ദർഭങ്ങളിൽ ഭർത്താവ് ഭാര്യയെ വെറുത്തെന്നുവരാം. ചിലപ്പോൾ തിരിച്ചും സംഭവിച്ചേക്കാം. അതിന് പ്രത്യേകിച്ച് കാരണവും കണ്ടേക്കാം. എന്നാൽ

അത്തരം ഘട്ടങ്ങളിൽ ക്ഷമിക്കുകയും പൊറുക്കുകയും ചെയ്ത് ദാമ്പത്യജീവിതം മുമ്പോട്ട് കൊണ്ടുപോകണമെന്നാണ് ഖുർആന്റെ നിർദ്ദേശം. ഖുർആൻ പറഞ്ഞു:

*"അവരുമായി (ഭാര്യമാരുമായി) നിങ്ങൾ മാന്യമായി സംസർഗത്തിൽ ഏർപ്പെടുക. നിങ്ങൾക്കവരോട് വെറുപ്പ് തോന്നുന്നുവെങ്കിൽ, നിങ്ങൾ ഒരു കാര്യത്തെ വെറുത്തേക്കാം. എന്നാൽ അക്കാര്യത്തിൽ നിങ്ങൾക്ക് അല്ലാഹു ധാരാളം നന്മകൾ വെച്ചിട്ടുണ്ടായിരിക്കും."* -അധ്യായം 4: 19

ദാമ്പത്യരംഗത്തുണ്ടാകുന്ന എല്ലാ പ്രശ്നങ്ങൾക്കും വിവാഹമോചനം ചെയ്യുകയല്ല ഖുർആന്റെ രീതി. ദമ്പതികൾ രണ്ടുപേരുടെയും കുടുംബങ്ങളിൽനിന്ന് ഓരോ പ്രതിനിധി വീതം ഒരുമിച്ചുകൂടുകയും വിഷയം പഠിച്ച് രണ്ടുപേരെയും രമ്യതയിൽ എത്തിക്കാനുള്ള വഴികൾ ആരായുകയും ചെയ്യണമെന്ന് ഖുർആൻ അനുശാസിക്കുന്നു. ഖുർആൻ പറഞ്ഞു:

*"അവർക്കിടയിൽ പിളർപ്പ് ഭയപ്പെട്ടാൽ അവന്റെയും അവളുടെയും കുടുംബത്തിലുള്ള രണ്ട് മധ്യസ്ഥന്മാരെ നിയോഗിക്കുക. അവർ യോജിപ്പ് ഉദ്ദേശിക്കുന്നുവെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പ് പ്രദാനം ചെയ്യുന്നതാണ്."* -ഖുർആൻ 4: 35

നിസ്സാര കാരണങ്ങൾക്ക് വിവാഹംമോചനം ചെയ്യാവതല്ല. പാശ്ചാത്യ രാജ്യങ്ങളിൽ നിലവിലുള്ള വിവാഹമോചന സംഭവങ്ങൾ വളരെ നിസ്സാര കാരണങ്ങളാലാണ് നടക്കുന്നത്. മിക്കപ്പോഴും പുതിയ കാമുകിയെ കണ്ടെത്തിയാൽ തന്നെ ആദ്യത്തെ സ്ത്രീയുമായുള്ള വേർപിരിയൽ ഉറപ്പായി. ഖുർആൻ ഈ രീതി സ്വീകരിക്കുന്നില്ല. ദമ്പതികൾ തമ്മിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളെ സംബന്ധിച്ചും പഠിക്കുകയും പോംവഴി ആരായുകയും സാധ്യമാകുന്ന വിട്ടുവീഴ്ചകൾ ചെയ്ത് പ്രശ്നം പരിഹരിക്കണമെന്നും ഖുർആൻ ആവശ്യപ്പെടുന്നു. ഒരു വിവാഹമോചനം സംഭവിക്കാതായിരിക്കാനാണ് അത് ആഗ്രഹിക്കുന്നത്.

## ഇദ്ദ

ഇദ്ദ അറബിപദമാണ്. എണ്ണം, കണക്ക് എന്നൊക്കെയാണ് അതിന്റെ അർഥം. വിവാഹമോചനശേഷമോ ഭർത്താവിന്റെ മരണശേഷമോ സ്ത്രീ പുനർവിവാഹം വിലക്കി അടങ്ങിയിരിക്കേണ്ട കാലത്തിനാണ് ഇദ്ദ എന്ന് സാങ്കേതികമായി പറയുന്നത്.

വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീയെ അവരുടെ പാട്ടിന് വിടുവാൻ ഖുർആൻ അനുവദിക്കുന്നില്ല. സ്ത്രീ സ്വയം പുറത്തുപോവുകയും അരുത്. ഖുർആൻ പറഞ്ഞു:

*"അവരുടെ (സ്ത്രീകളുടെ) ഇദ്ദാകാലത്ത് നിങ്ങൾ അവരെ വിവാഹമോചനം ചെയ്യുക. ഇദ്ദാകാലം ശരിക്ക് കണക്കാക്കുക. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ സൂക്ഷിക്കുക. ഇദ്ദാവേളയിൽ അവരെ അവരുടെ വീടുകളിൽനിന്ന് പുറത്താക്കരുത്. അവർ സ്വയം പുറത്ത് പോവുകയുമരുത്. എന്നാൽ വ്യക്തമായ ദുർന്നടപ്പിൽ അവർ പ്രവേശിച്ചിട്ടുണ്ടെങ്കിൽ അവരെ പുറത്താക്കുന്നതിൽ വിരോധമില്ല. ഇവ അല്ലാഹു നിശ്ചയിച്ച പരിധികളാകുന്നു. വല്ലവനും അല്ലാഹുവിന്റെ പരിധിയെ ലംഘിക്കുന്നുവെങ്കിൽ നിശ്ചയം അവൻ തന്നോടു തന്നെയാണ് അക്രമം പ്രവർത്തിക്കുന്നത്. ഒരുപക്ഷേ, അല്ലാഹു അതിന് ശേഷം യോജിപ്പിനുള്ള വല്ല മാർഗവും ഉണ്ടാക്കിയേക്കുമോ എന്ന് നിനക്കറിയുകയില്ല."* (ത്വലാഖ്: 1)

### *ഇദ്ദയുടെ യുക്തി*

ഇദ്ദ നിർബന്ധമാക്കിയതിലെ യുക്തി ഇവയാകുന്നു:

1. ഗർഭാശയം ഭ്രൂണമുക്തമാണോ എന്നറിയുകയും അതുസംബന്ധമായ അവ്യക്തത ഒഴിവാക്കുകയു ചെയ്യുക.
2. വിവാഹമോചനത്തിലൂടെ പരസ്പരം വേർപിരിഞ്ഞ ദമ്പതികൾക്ക് ഗുണകരമെന്ന് തോന്നുന്ന പക്ഷം വീണ്ടും ദാമ്പത്യത്തിലേക്ക് തിരിച്ചുവരാനുള്ള അവസരം നല്കുക.
3. വിവാഹത്തിന്റെയും ദാമ്പത്യജീവിതത്തിന്റെയും ഗൗരവം ബോധ്യപ്പെടുത്തുക.

4. ബന്ധം ശിഥിലമാവുകയും വേർപിരിയലിന്റെ കാരണങ്ങൾ ഉണ്ടാവുകയും ചെയ്താൽ വീണ്ടും ബന്ധം സ്ഥാപിക്കുന്നതിന് സ്ത്രീ അല്പം ക്ഷമിക്കുകയും കാത്തിരിക്കുകയും ചെയ്യുക.

വിവാഹമോചിത മൂന്ന് ആർത്തവക്കാലം വിവാഹം വിലക്കി അടങ്ങിയിരിക്കേണ്ട താകുന്നു. ഭർത്താവ് മരണപ്പെട്ട സ്ത്രീകൾ നാല് മാസവും പത്തു ദിവസവും ഒഴിഞ്ഞിരിക്കണം. ആർത്തവം നിലച്ച സ്ത്രീ മൂന്ന് മാസവും ഗർഭിണി പ്രസവിക്കുന്ന തുവരെയും ഇദ്ദ ആചരിക്കണം. എന്നാൽ ഭർത്താവുമായി ശയനം നടക്കാത്തവൾ ഇദ്ദ ആചരിക്കേണ്ടതില്ല.

## ഖുൽഅ് (സ്വയം മോചിതയാകൽ)

ദാമ്പത്യം മുൻപോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത വിധം പ്രശ്നങ്ങൾ രൂക്ഷ മാകുന്ന അവസ്ഥകൾ ഉണ്ടായേക്കാം. അത് സ്ത്രീയുടെ ഭാഗത്തു നിന്നാണെങ്കിൽ സ്ത്രീയെ പിരിച്ചയക്കാൻ പുരുഷന് അനുവാദമുണ്ട്. പുരുഷന്റെ ഈ അനു വാദത്തിന് ത്വലാഖ് എന്നു പറയുന്നു.

പ്രശ്നങ്ങൾ പുരുഷന്റെ ഭാഗത്തുനിന്നുണ്ടാവുകയും ദാമ്പത്യവുമായി മുൻപോട്ട് പോകാൻ സാധിക്കില്ലെന്ന് സ്ത്രീക്ക് ബോധ്യമാവുകയും ചെയ്താൽ വിവാഹ ബന്ധം റദ്ദ് ചെയ്യാൻ അവൾക്കും അവകാശമുണ്ട്. സ്ത്രീയുടെ ഈ അവകാശ ത്തെ ഖുൽഅ് എന്നു പറയുന്നു.

ദാമ്പത്യബന്ധം നിലവിൽ വരുമ്പോൾ അതിന്റെ പേരിൽ അവൾ തന്റെ ഭർത്താവിൽനിന്ന് എന്താണോ കൈപറ്റിയത് അത് തിരിച്ചുനല്കിക്കൊണ്ടാണ് സ്ത്രീ വിവാഹമോചനം നേടേണ്ടത്. ഖുർആൻ പറഞ്ഞു:

*“ഇനി ദമ്പതികൾ ഇരുവരും ദൈവികനിയമങ്ങൾ പാലിക്കുകയില്ലെന്ന് നിങ്ങൾ ആശങ്കിക്കുന്നുവെങ്കിൽ അപ്പോൾ സ്ത്രീ തന്റെ ഭർത്താവിന് വല്ലതും പ്രതിഫലം നല്കി മോചനം നേടുന്നതിൽ ഇരുവർക്കും കുറ്റമില്ലാത്തതാകുന്നു.”*

-അധ്യായം 2: 229

ഈ പ്രതിഫലം ന്യായമാണ്. കാരണം, പുരുഷൻ വിവാഹമൂല്യം നല്കിക്കൊ ണ്ടാണല്ലോ ദാമ്പത്യബന്ധത്തിൽ ഏർപ്പെട്ടത്. തനിക്ക് ആവശ്യമായ വസ്ത്രവും ഭക്ഷണവും അയാളുടെ സമ്പത്തിൽനിന്നാണല്ലോ അവൾ അനുഭവിച്ചത്. അവളാക ട്ടെ അതൊക്കെ സ്വീകരിക്കുകയും അനുഭവിക്കുകയും ചെയ്തിരുന്നു. എന്നാൽ ബന്ധം അവസാനിപ്പിക്കാൻ അവൾ തന്നെ മുൻകൈ എടുക്കുമ്പോൾ അയാൾ നല്കിയതെന്തോ അത് അയാൾക്ക് തന്നെ തിരിച്ചുകൊടുക്കുകയാണ് വേണ്ടത്.

ഖുൽഇലൂടെ മോചനം ലഭിച്ച സ്ത്രീ ഒരു തവണ ആർത്തവമുണ്ടാകുന്ന ഘട്ടം ഇദ്ദയാചരിക്കണം.

ഈ മോചനരീതിക്ക് പ്രത്യേക സമയം ഇല്ല. ഏത് സമയത്തും അതാകാവുന്ന താണ്. കാരണം സ്ത്രീയാണല്ലോ മോചനം ആവശ്യപ്പെട്ടത്. അതോടെ അവളുടെ കാര്യം അവളുടെ അധികാരത്തിൽ വരുന്നു. അയാൾക്ക് ഇനി അവളെ തിരിച്ചെടു ക്കാൻ സാധിക്കില്ല. അതെയവസരം അവളുടെ സമ്മതവും അനുവാദവുമുണ്ടെങ്കിൽ അയാൾക്ക് തന്നെ അവളെ പുനർവിവാഹം ചെയ്യാവുന്നതാണ്. പുതിയ വിവാഹമാ യിട്ടാണ് അത് പരിഗണിക്കുക.

## ബഹുഭാര്യാസമ്പ്രദായം

അടിസ്ഥാനപരമായി ഏകഭാര്യത്വമാണ് ഖുർആൻ അംഗീകരിച്ചത്. എന്നാൽ കണിശമായ ഉപാധികളോടെ ബഹുഭാര്യാസമ്പ്രദായത്തെ അത് അംഗീകരിക്കുകയു ണ്ടായി. വ്യക്തിപരവും സാമൂഹികവുമായ അനിവാര്യതകളാണ് ഈ അംഗീകാര ത്തിന്റെ അടിസ്ഥാനം. എന്നാൽ മൗലികസ്വഭാവം ഏകഭാര്യാസമ്പ്രദായമാണ്.

മേൽസൂചിപ്പിച്ച ഉപാധികളിൽ ഏറ്റം ശക്തമായത് നീതിയാകുന്നു. നിലവിലുള്ള ഭാര്യ തന്റെ ജീവിതാവശ്യങ്ങൾക്ക് അപര്യാപ്തയായതിനാൽ മറ്റൊരു വിവാഹം കഴിക്കാൻ നിർബന്ധിതനാകുകയും എന്നാൽ രണ്ടു ഭാര്യമാർക്കുമിടയിൽ കണിശ

മായ നീതി നടപ്പിലാക്കാൻ കഴിയുകയും ചെയ്യുന്നവർക്ക് മാത്രം നല്കിയ ഇള വാണ് ബഹുഭാര്യത്വം.

എന്നാൽ ഭാര്യമാർക്കിടയിൽ തുല്യനീതി നടപ്പിലാക്കുകയെന്നത് സാധാരണ മനുഷ്യപ്രകൃതിയിൽ പെട്ടതല്ല. ഖുർആൻ അക്കാര്യം ഇങ്ങനെ പ്രസ്താവിച്ചു:

*"ഭാര്യമാർക്കിടയിൽ തുല്യനീതി പാലിക്കാൻ നിങ്ങൾ എത്ര തന്നെ ആഗ്രഹിച്ചാലും നിങ്ങൾക്കത് സാധ്യമാകുന്നതല്ല. അതിനാൽ നിങ്ങൾ ഒരുവശത്തേക്ക് പൂർണമായും ചാഞ്ഞുകൊണ്ട് മറ്റവളെ നിസ്സഹായാവസ്ഥയിൽ വിട്ടേക്കരുത്."* -അധ്യായം 4: 130

ഖുർആൻ മൗലികമായി ഏകഭാര്യത്വമാണ് അംഗീകരിച്ചതെന്നും നിർബന്ധ സാഹചര്യത്തിൽ നീതി പാലിക്കാൻ കഴിയുന്നവർക്കും അവരിലുണ്ടാകുന്ന കുട്ടികൾക്ക് പശ്ചപാതിത്തമില്ലാതെ ചെലവിന് കൊടുക്കാൻ ശേഷിയുള്ളവർക്കും മാത്രം അനുവദിച്ചതാണ് ബഹുഭാര്യത്വമെന്നും ഇത് വ്യക്തമാക്കുന്നു.

എന്നാൽ സമൂഹം ഈ നിർദ്ദേശങ്ങളെ തെല്ലും പരിഗണിക്കാറില്ല. അതിനാൽ തന്നെ ഈ ഇളവ് ദുരുപയോഗം ചെയ്യപ്പെടുകയും ഒരേ സമയം നാല് വരെ കെട്ടാനുള്ള അനുവാദമായി അതിനെ ദുരുപയോഗം ചെയ്യുകയുമാണ് ചെയ്യുന്നത്. ഈ വിവരക്കേടിൽനിന്നുണ്ടാകുന്ന പ്രവണതകളെ ഖുർആൻെറ വിമർശകർക്ക് ശക്തമായ ഒരായുധമാവുകയും ചെയ്തു.

ഇസ്ലാം പ്രകൃതിമതമാണ്. മനുഷ്യരുടെ ജീവിതയാഥാർഥ്യങ്ങളെ അത് പരിഗണിക്കുന്നു. തെറ്റുകളിലേക്ക് വഴുതിവീഴാനുള്ള എല്ലാ പഴുതുകളെയും അത് അടച്ചുകളഞ്ഞിട്ടുണ്ട്. മനുഷ്യരെ നിസ്സഹായതയിലും തെറ്റിലേക്ക് നീങ്ങാനുള്ള സാഹചര്യത്തിലും വിട്ടേക്കുകയല്ല അത് ചെയ്യുന്നത്. അത്തരം ദൗർബല്യങ്ങൾ കാലേകൂട്ടി കണ്ടുകൊണ്ടാണ് അനിവാര്യമായ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്താനുള്ള ചില ഇളവുകൾ അത് ലോകത്തിന് സമർപ്പിച്ചത്. അതിലൊന്നാണ് ദാമ്പത്യരംഗത്തെ ബഹുഭാര്യത്വം.

ബഹുഭാര്യത്വം ആകാവുന്ന ചില ചുറ്റുപാടുകളുണ്ടാവുക സ്വാഭാവികമാണ്. അവയിൽ പ്രധാനം ഇവയാണ്.

1. ഭാര്യ വന്ധ്യയാവുക.

ഭാര്യയുടെ വന്ധ്യത സഹിച്ച് ജീവിതകാലം മുഴുവൻ സന്താനമില്ലാതെ കഴിഞ്ഞുകൂടുക മനുഷ്യന് സാധ്യമല്ല. അതിനാൽ തന്നെ ആദ്യഭാര്യയെ നിലനിറുത്തി മറ്റൊരു വിവാഹത്തിൽ ഏർപ്പെടുവാൻ ഖുർആൻ പുരുഷന് അനുവാദം നല്കിയിരിക്കുന്നു.

2. ഭാര്യയുടെ മാറാവ്യാധി.

ഭാര്യ മാറാവ്യാഥിയുള്ളവളും പുരുഷൻെറ ദാമ്പത്യ ആവശ്യങ്ങൾക്ക് ഉപകരിക്കാത്തവളുമാണെങ്കിൽ അവളെയും പൊറുത്ത് കഴിഞ്ഞുകൂടാൻ ഭർത്താവിന് സാധിച്ചെന്നുവരില്ല. അത്തരം സാഹചര്യങ്ങളിലും പുരുഷന് മറ്റൊരു വിവാഹത്തിൽ ഏർപ്പെടുവാൻ ഖുർആൻ അനുവാദം നല്കുന്നു.

3. ഭാര്യയുടെ ലൈംഗികതാല്പര്യക്കുറവ്.

ചിലപ്പോൾ ചികിത്സിച്ചാൽ ഫലം കാണാവുന്ന തകരാറാണിത്. എന്നാൽ അതിനും വഴങ്ങാത്ത ചില സാഹചര്യങ്ങൾ ഉണ്ടായേക്കാം. അത്തരം ഘട്ടങ്ങളിൽ ബഹുഭാര്യത്വമാണ് അഭികാമ്യം. അല്ലെങ്കിൽ പുരുഷന് തൻെറ വികാരം ശമിപ്പിക്കാൻ അവിഹിതരീതി അവലംബിക്കേണ്ടിവരും.

4. പുരുഷന് ഒരു സ്ത്രീ മാത്രം മതിയാകാതെ വരിക.

പുരുഷൻ കൂടുതൽ ആരോഗ്യമുള്ളയാളും അയാളെ തൃപ്തിപ്പെടുത്തുന്നതിൽ ഭാര്യ അശക്തയുമാണെങ്കിൽ പുരുഷന് മറ്റൊരു ബന്ധത്തിൽ ഏർപ്പെടുവാൻ ഖുർആൻ അനുവാദം നല്കുന്നു. മറിച്ചായാൽ അത് പുരുഷൻെറ പരസ്ത്രീഗമനത്തിലാണ് ചെന്നെത്തുക.

5. സ്ത്രീകളുടെ എണ്ണം ക്രമാതീതമായി കൂടുക.

സാമൂഹികമായും ചില പ്രശ്നങ്ങളുണ്ടാകാറുണ്ട്. സ്ത്രീകൾ പുരുഷന്മാരെക്കാൾ എണ്ണത്തിൽ ഏറെയുണ്ടാവുകയെന്നത് അതിൽ ഒരു കാരണമാകുന്നു. അത്തരം

ഘട്ടങ്ങളിൽ ബഹുഭാര്യത്വം അനുവദിച്ചില്ലെങ്കിൽ ഒരു വിഭാഗം സ്ത്രീകൾ ആജീവനാന്തം അവിവാഹിതകളായി കഴിയേണ്ടിവരും. അത്തരക്കാരിൽ പലരും അപഥസഞ്ചാരിണികളാകാനും സാധ്യതയുണ്ട്. പരസ്യമോ രഹസ്യമോ ആയ അപഥ വേഴ്ചകളിലേക്ക് അത് സാഹചര്യം തുറക്കുകയും പിന്നീടത് സംക്രമിക്കാനും സാധ്യതയുണ്ട്.

6. സമൂഹത്തിൽ വിധവകളുടെ എണ്ണം കൂടുക.

യുദ്ധം, കലാപം പോലുള്ള കുഴപ്പങ്ങൾ ഏറെയും പുരുഷന്മാരെയാണ് ബാധിക്കുക. അത്തരം സാഹചര്യങ്ങളിൽ വിധവകൾ വർധിക്കും. എന്നാൽ ഇത്തരം വിധവകളെ ആരും തന്റെ പ്രഥമ ഭാര്യയായി സ്വീകരിക്കുകയുമില്ല. അതിനാൽ വിധവകളുടെ സംരക്ഷണം എന്ന നിലക്ക് മേൽപറഞ്ഞ ഉപാധികളോടെ അവരുമായി വൈവാഹികജീവിതത്തിൽ ഏർപ്പെടുകയാണ് വേണ്ടത്.

ആദ്യം പറഞ്ഞ നാല് അവസ്ഥകളിലും പുരുഷന് വേണമെങ്കിൽ തന്റെ ഭാര്യയെ ഉപേക്ഷിച്ച് പുതിയ ബന്ധത്തിൽ ഏർപ്പെടാവുന്നതാണ്. എന്നാൽ ഒരു സ്ത്രീയെ നിരാലംബയാക്കുകയെന്ന അപരാധം കൂടി അതിലുണ്ട്. അതിനാലാണ് അവളെ വെച്ചുപുലർത്തിക്കൊണ്ടുതന്നെ മറ്റൊരുത്തിയെ വേൾക്കുകയെന്ന് പറഞ്ഞത്. പുരുഷന്റെ കഴിവിനെയും നീതിപാലിക്കും എന്ന ഉറപ്പിനെയും ആശ്രയിച്ചിരിക്കുന്നുഅത്.

*ബഹുഭാര്യത്വം: ദോഷങ്ങൾ*

ബഹുഭാര്യത്വത്തിന് കുടുംബരംഗത്ത് എടുത്തുപറയേണ്ട തകരാറുകളുണ്ട്. ഒരു ഭർത്താവിന്റെ കീഴിൽ ഒരിടത്ത് താമസിക്കുന്ന രണ്ട് ഭാര്യമാർക്കിടയിൽ പരസ്പരം അസ്വാരസ്യം ഉണ്ടാവുക സാധാരണമാണ്. അവർക്കിടയിൽ തർക്കവും അസൂയയും പ്രകടമായിരിക്കും. അവർ തമ്മിലുള്ള പ്രശ്നങ്ങൾ തീർക്കുന്നതിലായിരിക്കും ഭർത്താവിന്റെ വ്യയം മുഴുവൻ. ഇത് വൈവാഹികജീവിതത്തെ അസ്വസ്ഥപൂർണമാക്കും.

അവർക്കിടയിലുണ്ടാകുന്ന കുട്ടികൾക്കിടയിലും ഈ വൈരം കാണാം. പരസ്പരം യോജിക്കാത്ത മനസ്സുമായിട്ടായിരിക്കും അവർ ജീവിക്കുക. ഭർത്താവിനെ സ്വന്തമാക്കാനുള്ള ഓരോ ഭാര്യയുടെയും പരിശ്രമം പോലെ പിതാവിനെ സ്വന്തമാക്കാൻ കുട്ടികളും ശ്രമിക്കും. കടുത്ത അസ്വസ്ഥകളിലേക്കാണ് ഇത് ചെന്നെത്തുക.

ഏതെങ്കിലും ഒരു ഭാര്യയിലേക്കോ ഏതെങ്കിലും ഒരു കുട്ടിയിലേക്കോ ചിലപ്പോൾ മനസ്സ് ചാഞ്ഞെന്നിരിക്കാം. ചിലപ്പോൾ കുട്ടിയുടെ ഏതെങ്കിലും കഴിവിന്റെ പേരിലാകാം. അല്ലെങ്കിൽ ഭാര്യയുടെ എന്തെങ്കിലും ഗുണത്തിന്റെ പേരിലാകാം. ഇത് അനീതിയിലേക്ക് നീങ്ങാനും അസ്വസ്ഥതകൾ ഉണ്ടാക്കാനും ഇടയാക്കും. ഖുർആൻ കർശനമായി വിലക്കിയ കാര്യമാണത്. ഖുർആൻ പറഞ്ഞു:

*“എന്നാൽ അവർക്കിടയിൽ (ഭാര്യമാർക്കിടയിൽ) നീതി സാധ്യമല്ലെന്ന് ആശങ്കിക്കുന്നുവെങ്കിൽ ഒരു സ്ത്രീയെ മാത്രം കല്യാണം കഴിക്കുക.”* -ഖുർആൻ 4: 3

*ആധുനികലോകം*

ഖുർആന്റെ ബഹുഭാര്യാസമ്പ്രദായത്തെ പലരും എതിർക്കാറുണ്ട്. പക്ഷേ, ഏകപത്നീവ്രതം സ്വീകരിച്ച പല സംസ്കാരങ്ങളിലും നാടുകളിലും നടമാടുന്ന ലൈംഗിക അപരിഷ്കൃതത്വം കാണാതെപോകുന്നത് നല്ലതല്ല.

ഒരു സ്ത്രീയെ ഭാര്യയെന്ന പദവിയിൽ അവരോധിക്കുകയും വിവാഹത്തിനു മുമ്പും ശേഷവും യഥേഷ്ടം സ്ത്രീകളുമായി ലൈംഗികബന്ധം പുലർത്തുകയും ചെയ്യുന്നവരാണ് പാശ്ചാത്യ-പൗരസ്ത്യനാടുകളിലുള്ള ഭൂരിഭാഗവും. ലൈംഗികമായി കൂത്തഴിഞ്ഞ ജീവിതമാണ് അവരുടെത്.

ബഹുഭാര്യത്വം നിരോധിക്കുകയും ധാർമികബോധം നഷ്ടപ്പെടുകയും ചെയ്തതോടെ വ്യഭിചാരം ക്രമാതീതമായി വർധിക്കുകയാണ് അവിടങ്ങളിൽ സംഭവിച്ചത്. സ്കൂൾ കുട്ടികൾ പോലും അച്ഛന്മാരും അമ്മമാരുമാണ്.

ബ്രിട്ടനിൽ തൊണ്ണൂറ് ശതമാനം പുരുഷന്മാരും ഒരു ഫാഷനുവേണ്ടി ഭാര്യമാരെ കൈമാറുന്നവരാണ്. അത്തരം നാടുകളിൽ നടക്കുന്ന ഗർഭഛിദ്രം ഏറെയാണ്. ബഹുഭാര്യത്വം നിരോധിച്ച ഹൈന്ദവസംസ്കാരത്തിൽ പോലും ബഹുഭാര്യത്വം ഏറെയാണ്.

ഖുർആനിലെ ബഹുഭാര്യാസമ്പ്രദായത്തെ എതിർക്കുമ്പോൾ തന്നെ മനുഷ്യരുടെ ഇത്തരം കുത്തഴിഞ്ഞ ജീവിതത്തെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്.

## വിവാഹം കഴിക്കൽ<br>നിഷിദ്ധമായ സ്ത്രീകൾ

രക്തബന്ധത്തിലൂടെയുള്ള ഏഴ് വിഭാഗം സ്ത്രീകളെ വിവാഹം കഴിക്കുന്നത് നിഷിദ്ധമാകുന്നു. ഉമ്മമാർ, സ്വന്തം പെൺകുട്ടികൾ, സഹോദരികൾ, മാതൃ-പിതൃസ ഹോദരികൾ, സഹോദരപുത്രി, സഹോദരീപുത്രി എന്നിവർ.

മുലകുടി ബന്ധത്തിലൂടെയും ഏഴ് വിഭാഗം സ്ത്രീകൾ നിഷിദ്ധമാകും. മുലയൂ ട്ടിയ സ്ത്രീ, മുലകുടി ബന്ധത്തിലെ സഹോദരി, ആ ബന്ധത്തിലെ സഹോദരിയുടെ പുത്രി, മുലയൂട്ടിയ മാതാവിൻെറ മകൾ, ആ ബന്ധത്തിലുള്ള സഹോദരപുത്രി, മുലകുടി ബന്ധത്തിലുള്ള പിതാവിൻെറ സഹോദരി, മുലകുടിബന്ധത്തിലുള്ള മാതൃസഹോദരി.

വിവാഹബന്ധത്തിലൂടെ നാല് വിഭാഗത്തെ കല്യാണം കഴിക്കൽ നിഷിദ്ധമാകും.

1. ഭാര്യക്ക് ആദ്യഭർത്താവിൽ (ഉണ്ടായിരുന്നെങ്കിൽ) ഉണ്ടായ മകൾ.
2. ഭാര്യയുടെ ഉമ്മ. ഉമ്മയുടെ ഉമ്മ. ഭാര്യാപിതാവിൻെറ ഉമ്മ
3. മകൻെറ ഭാര്യ. മകൻെറ മകൻെറ ഭാര്യ.
4. പിതാവിൻെറ ഭാര്യ.

രണ്ട് സഹോദരികളെ ഒരേ സമയത്ത് കല്യാണം കഴിക്കുന്നതും മറ്റൊരാളുടെ ഭാര്യാപഥത്തിലിരിക്കുന്ന സ്ത്രീയെയും വിവാഹം കഴിക്കുന്നതും നിഷിദ്ധമാകുന്നു.

തയാറാക്കിയത്:
ജലീൽ താഴശ്ശേരി